**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- പതിമൂന്നാം പഞ്ചവത്സര പദ്ധതി - (2012-17) - നവകേരളത്തിന് ജനകീയാസൂത്രണം - തദ്ദേശ ഭരണസ്ഥാപനങ്ങൾ അവയുടെ 2020-21 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള അധിക മാർഗ്ഗ നിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

**സ.ഉ.(കൈ) നം.157/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി: 05/12/2019**

---

പരാമർശം:- 1. 29.01.2018-ലെ സ.ഉ.(എം.എസ്) നം.11/2018/തസ്വഭവ

2. 02.02.2018-ലെ സ.ഉ.(എം.എസ്) നം.17/2018/തസ്വഭവ

3. 14.02.2018-ലെ സ.ഉ.(എം.എസ്) നം.22/2018/തസ്വഭവ

4. 06.08.2018 ലെ സ.ഉ.(എം.എസ്) നം.106/2018/തസ്വഭവ

5. 19.09.2018-ലെ സ.ഉ.(സാധാ) നം.2462/2018/തസ്വഭവ

6. 23.10.2018-ലെ സ.ഉ.( സാധാ) നം.2710/2018/തസ്വഭവ

7. 29.10.2018-ലെ സ.ഉ.( സാധാ) നം.2766/2018/തസ്വഭവ

8. 04.12.2019-ലെ സ.ഉ.(കൈ ) നം.156 /2019/തസ്വഭവ

**ഉത്തരവ്**

സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ നിർവ്വഹണം ആരംഭിക്കാൻ കഴിയുംവിധം വാർഷിക പദ്ധതി കാലേക്കൂട്ടി തയ്യാറാക്കുന്ന രീതിയിലേക്ക് കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മാറിക്കഴിഞ്ഞു. ഇപ്പോൾ, 2020-21 വർഷത്തേക്കുള്ള വികസന പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സമയമായിരിക്കുകയാണ്. ഡിസംബർ ആദ്യം പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾ ആരംഭിച്ച് ജനുവരി അവസാനത്തോടെ ഗ്രാമ/വാർഡ് സഭകളുടെ യോഗം ചേരുന്ന രീതിയിൽ ആസൂത്രണ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടതുണ്ട്. എങ്കിൽ മാത്രമെ മാർച്ച് മാസത്തിന്റെ തുടക്കത്തിൽ ആസൂത്രണ പ്രക്രിയ പൂർത്തിയാക്കി വാർഷിക പദ്ധതി നിർദ്ദേശങ്ങൾ ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ച് അംഗീകാരം നേടാൻ കഴിയുകയുള്ളൂ. ഈ സാഹചര്യത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2020-21 വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് ചുവടെ വിവരിക്കുന്ന അധിക മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

**2020-21 വാർഷിക പദ്ധതി രൂപീകരണം**

2. എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും 2020-21 വാർഷിക പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് ഡിസംബർ ആദ്യവാരം തുടക്കം കുറിക്കേണ്ടതാണ്. വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന മാർഗരേഖയായി ഗ്രാമ/ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾ പരാമർശം 1 പ്രകാരമുള്ള മാർഗരേഖയും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പരാമർശം 2 പ്രകാരമുള്ള മാർഗരേഖയും സ്വീകരിക്കേണ്ടതാണ്. സബ്സിഡി സംബന്ധമായ മാനദണ്ഡങ്ങൾക്ക് പരാമർശം 3 പ്രകാരമുള്ള മാർഗരേഖ ബാധകമായിരിക്കും. ആസൂത്രണ മാർഗരേഖയ്ക്കും സബ്സിഡി മാർഗരേഖയ്ക്കും നൽകിയിട്ടുള്ള വിശദീകരണങ്ങളും ഭേദഗതികളും പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്.

ജില്ലാ പദ്ധതിയിലെ കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

3. ജില്ലാ പദ്ധതിയിലെ വികസന പരിപ്രേക്ഷ്യവും കീഴ്ത്തട്ട് നിർദ്ദേശങ്ങളും പരിഗണിച്ചുവേണം തദ്ദേശ ഭരണസ്ഥാപനങ്ങൾ വാർഷിക പദ്ധതി തയ്യാറാക്കേണ്ടത്. വാർഷിക പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്ന ഘട്ടത്തിൽതന്നെ, കഴിവതും വർക്കിംഗ് ഗ്രൂപ്പുകൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനു മുമ്പായി ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ സംബന്ധിച്ച ഉത്തരവ് ജില്ലാ ആസൂത്രണ സമിതി പുറപ്പെടുവിക്കേണ്ടതാണ്.

4. താരതമ്യേന വലിയ പ്രോജക്ടുകൾ ഒറ്റയ്ക്കോ ഒന്നിലേറെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ചേർന്ന് സംയുക്തമായോ ഏറ്റെടുക്കുന്നതിനുള്ള കാര്യമായ പരിശ്രമം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകണം. ഇത്തരം പ്രോജക്ടുകൾ വികസനത്തിന്റെ ഫലപ്രാപ്തി വർദ്ധിപ്പിക്കും. ഇതിന് ജില്ലാ ആസൂത്രണ സമിതിയും മുൻകൈയെടുക്കേണ്ടതാണ്. സംയോജിത പരിപാടികളെയും സംയുക്ത പ്രോജക്ടുകളെയും പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സംസ്ഥാന സർക്കാരിനുള്ളത്. ഒന്നിലേറെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ചേർന്ന് ഏറ്റെടുക്കുന്ന സംയോജിത പരിപാടികൾക്കും സംയുക്ത പ്രോജക്ടുകൾക്കും പ്രോത്സാഹന ധനസഹായം നൽകുന്നതിന് സംസ്ഥാന സർക്കാർ ബജറ്റിൽ പ്രത്യേകം തുക മാറ്റിവച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദമായ മാർഗരേഖ പരാമർശം 4 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സംയോജിത / സംയുക്ത പ്രോജക്ടുകളുടെ കാര്യത്തിൽ ധാരണയുണ്ടാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതി എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെയും അധ്യക്ഷൻമാരുടെയും സെക്രട്ടറിമാരുടെയും ഒരു സംയുക്തയോഗം ജനുവരി 20-ന് മുമ്പായി നിർബന്ധമായും വിളിച്ചുചേർക്കേണ്ടതാണ്.

പ്രത്യേക പരിഗണന നൽകേണ്ട വിഷയങ്ങൾ

5. തദ്ദേശ ഭരണ സ്ഥാപനങ്ങൾ 2019-20 ൽ പ്രധാന പരിഗണ നൽകേണ്ടത് പുതിയ കേരളത്തിന്റെ സൃഷ്ടിക്കാണ്. കേരളം അഭിമുഖീകരിച്ച പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുക, പ്രവർത്തനങ്ങളിലെ കാര്യക്ഷമതയില്ലുള്ള പോരായ്മകൾ പരിഹരിച്ച് കൂടുതൽ പ്രവർത്തനക്ഷമമായ കേരളം സൃഷ്ടിക്കുക, പ്രകൃതി ദുരന്തത്തിൽ നാശനഷ്ടം നേരിട്ട ആസ്തികൾ ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളിലൂന്നിയും പാരിസ്ഥിതിക സൗഹൃദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും സമയബന്ധിതമായി പുനർ നിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യുക എന്നിങ്ങനെയുള്ള വിശാല കാഴ്ചപ്പാടാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള കേരള പുനർ നിർമ്മാണ പരിപാടി (Rebuild Kerala Initiative) മുന്നോട്ട് വയ്ക്കുന്നത്. ഈ കാഴ്ചപ്പാട് കൂടി ഉൾക്കൊണ്ടുവേണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി രൂപീകരിക്കേണ്ടത്.

6. പ്രകൃതി ദുരന്തത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രോജക്ടുകൾക്ക് 2020-21 ൽ ബന്ധപ്പെട്ട പ്രദേശങ്ങളിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ്.

7. കാർഷിക ആനുകൂല്യങ്ങൾ കൃഷി ആരംഭിക്കുന്ന ജൂണിൽ ലഭ്യമാകുന്നില്ല എന്ന വിമർശനം ചിലയിടങ്ങളിലെങ്കിലും ഉണ്ടാകുന്നുണ്ട്. വാർഷിക പദ്ധതി മുൻകൂട്ടി തയ്യാറാക്കുന്ന സമ്പ്രദായത്തിലേക്ക് മാറിക്കഴിഞ്ഞ സാഹചര്യത്തിൽ പ്രോജക്ടുകളുടെ അംഗീകാര നടപടികൾ വേഗത്തിലാക്കി കാർഷിക മേഖലയ്ക്ക് യഥാസമയം സഹായം എത്തിക്കുന്നതിന് പ്രത്യേക ശ്രദ്ധ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

8. സ്കൂൾ കെട്ടിടങ്ങൾ ഉൾപ്പെടെ കൈമാറിക്കിട്ടിയ ആസ്തികളുടെ അറ്റകുറ്റപ്പണികൾ ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തിയാക്കേണ്ടതാണ്.

9. അതിവൃഷ്ടിയും മഴക്കെടുതിയും കാരണം തകർന്നതോ കേടുപാടുകൾ പറ്റിയതോ ആയ റോഡുകൾ

സഞ്ചാരയോഗ്യമാക്കുന്നതിന് പ്രത്യേക പരിഗണന നൽകേണ്ടതാണ്. കുഴികൾ അടയ്ക്കുക, വശങ്ങൾ ബലപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികൾ ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തിയാക്കേണ്ടതാണ്. പി.എം.ജി.എസ്.വൈ റോഡുകളുടെ ഉടമസ്ഥത ജില്ലാ പഞ്ചായത്തുകൾക്ക് ആയതിനാൽ അത്തരം റോഡുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി നിറവേറ്റുന്നതിന് ജില്ലാ പഞ്ചായത്തുകൾ പ്രത്യേക പരിഗണന നൽകേണ്ടതാണ്. ഇവയ്ക്കുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതി യിൽ ഉൾപ്പെടുത്തി ഏപ്രിൽ 1 ന് നിർവ്വഹണം ആരംഭിക്കാൻ കഴിയുന്ന തരത്തിൽ അംഗീകാര നടപടികൾ വേഗത്തിലാക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.

ദുരന്ത മാനേജ് മെന്റ് പ്ലാൻ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കൽ

10. അടുത്ത വർഷത്തെ വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഒപ്പംതന്നെ, ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുന്നതിനും ഉദ്ദേശിക്കുന്നു. ഇത് സംബന്ധിച്ച ഉത്തരവ് പരാമർശം 8 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ദുരന്ത മാനേജ്മെന്റ് പ്ലാനിന്റെ കരട് രൂപരേഖ അടുത്ത വർഷത്തെ പദ്ധതി ആസൂത്രണത്തിനുള്ള ഗ്രാമ/വാർഡ് സഭാ യോഗങ്ങൾക്ക് മുമ്പായി തയ്യാറാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇപ്രകാരം തയ്യാറാക്കുന്ന കരട് രേഖ ഗ്രാമ/വാർഡ് സഭാ യോഗങ്ങളിൽ ചർച്ചയ്ക്ക് വിധേയമാക്കണം. തുടർന്ന് രേഖ അന്തിമമാക്കുന്നതിനായി വാർഷിക പദ്ധതി വികസന സെമിനാറിനു മുമ്പായി ദുരന്ത നിവാരണ പ്ലാനിന് വേണ്ടി ഒരു പ്രത്യേക വികസന സെമിനാർ സംഘടിപ്പിക്കേണ്ടതാണ്. ദുരന്ത മാനേജ്മെന്റ് പ്ലാനിലെ പദ്ധതി നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുവേണം വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2020-21 ലേക്കുള്ള വാർഷിക പദ്ധതി നിർദ്ദേശങ്ങൾ രൂപപ്പെടുത്തേണ്ടത്. വർക്കിംഗ് ഗ്രൂപ്പുകൾ മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ "ജൈവവൈവിദ്ധ്യ മാനേജ് മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം" എന്ന വർക്കിംഗ് ഗ്രൂപ്പ് ക്രോഡീകരിച്ച് ദുരന്തമാനേജ് മെന്റ് പ്ലാൻ തയ്യാറാക്കണം.വാർഷിക പദ്ധതിയുമായുള്ള സംയോജനം ഉറപ്പാക്കുന്നതിനുവേണ്ടി ഗ്രാമ/വാർഡ് സഭാ യോഗങ്ങൾക്ക് മുമ്പായി എല്ലാ തലത്തിലെയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ ഒരു സംയുക്ത യോഗം പ്രസിഡന്റിന്റെ/ചെയർപേഴ്സൺന്റെ/മേയറുടെ അധ്യക്ഷതയിൽ ചേരേണ്ടതാണ്.

11. ദുരന്ത മാനേജ്മെന്റ് പ്ലാൻ മുന്നോട്ടു വയ്ക്കുന്ന ദുരന്ത പ്രതിരോധത്തിനും ദുരന്തങ്ങളുടെ ആഘാതം പരമാവധി കുറയ്ക്കുന്നതിനുമുള്ള പ്രോജക്ട് നിർദ്ദേശങ്ങൾ വിഭവലഭ്യത പരിഗണിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന ദുരന്ത മാനേജ്മെന്റ് പ്ലാനുകളുടെ കരട് രൂപരേഖയുടെ പകർപ്പും ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽപ്പെടുത്തി ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രോജക്ടുകളുടെ പട്ടികയും ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ലഭ്യമാക്കണം. അതിൽനിന്നും ഏറ്റെടുക്കാൻ കഴിയുന്ന പ്രോജക്ട് നിർദ്ദേശങ്ങൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

വാർഷിക പദ്ധതി അടങ്കൽ

12. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് ഇനങ്ങളിൽ 2019-20 വാർഷിക പദ്ധതിക്ക് അനുവദിച്ച അത്രയും തുക തന്നെ അടുത്ത വർഷത്തേക്ക് ലഭ്യമാകും എന്ന് കണക്കാക്കി പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്. 2020 ജനുവരിയിൽ സംസ്ഥാന ബജറ്റ് അവതരിപ്പിക്കുന്നതോടെ യഥാർത്ഥ വിഹിതം എത്രയെന്ന് വ്യക്തമാകും. ബജറ്റ് വിഹിതം അറിഞ്ഞുകഴിഞ്ഞാൽ അതിന് അനുസൃതമായിവേണം തുടർന്നുള്ള ആസൂത്രണ ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടത്. ബജറ്റ് വിഹിതത്തെ അടിസ്ഥാനമാക്കി മാത്രമെ അന്തിമ വാർഷിക പദ്ധതി സമർപ്പിക്കാൻ പാടുള്ളു.

13. നടപ്പ് വാർഷിക പദ്ധതിയിൽ നിർവ്വഹണം നടത്തിവരുന്ന പ്രോജക്ടുകളിൽ മാർച്ച് 31-ന് പൂർത്തിയാക്കാൻ സാധ്യതയില്ലാത്ത പ്രോജക്ടുകൾ അടുത്ത വർഷം സ്പിൽ ഓവറായി തുടരുമ്പോൾ അവയ്ക്ക്

വേണ്ട സ്പിൽ ഓവർ വിഹിതം കണ്ടെത്തുന്നതിന് വേണമെങ്കിൽ ഇപ്പോൾ 2020-21-ലെ വാർഷിക പദ്ധതി രൂപീകരിക്കുന്ന സമയത്ത് തന്നെ ഒരു നിശ്ചിതസംഖ്യ (lumpsum provision) സ്പിൽ ഓവർ പ്രോജക്ടുകൾക്ക് വേണ്ടി മാറ്റി വയ്ക്കാവുന്നതാണ്. എല്ലാ വിഭാഗത്തിലും ഇപ്രകാരം നിശ്ചിത സംഖ്യ പ്രത്യേകം മാറ്റി വയ്ക്കുന്നതിനുള്ള സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ ഉണ്ടായിരിക്കുന്നതാണ്. ഇങ്ങനെ ഒരു നിശ്ചിത സംഖ്യ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് വേണ്ടി ഇപ്പോൾ തന്നെ മാറ്റി വയ്ക്കുകയാണെങ്കിൽ അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ പുതിയ പ്രോജക്ടുകൾ ഉപേക്ഷിച്ച് സ്പിൽ ഓവർ പ്രോജക്ടുകൾക്ക് വിഹിതം കണ്ടെത്തേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കാൻ കഴിയും.

പുതിയ ബഹുവർഷ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് നിയന്ത്രണം

14. നിലവിലുള്ള ഭരണ സമിതിയുടെ അവസാന വർഷമാണ് 2020-21 എന്നതിനാൽ പുതിയ ബഹുവർഷ പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല. എന്നാൽ മുമ്പ് ആരംഭിച്ച ബഹുവർഷ പ്രോജക്ടുകളുടെ, 2020-21 വർഷത്തേക്കുള്ള പ്രോജക്ട് ഘടകം പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

മിഷൻ അന്ത്യോദയ സർവേയും ഗ്രാമപഞ്ചായത്ത് വികസന പദ്ധതിയും **(Grama Panchayat Development Plan-GPDP)**

15. കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളിലും 2020-21 വാർഷിക പദ്ധതി രൂപീകരണത്തിന് മുന്നോടിയായുള്ള 'മിഷൻ അന്ത്യോദയ സർവ്വെ' ഇപ്പോൾ നടക്കുകയാണ്. ഗ്രാമങ്ങളിലെ വികസന പ്രശ്നങ്ങളും വിടവുകളും (gaps) കണ്ടെത്തി കൃത്യമായ ആസൂത്രണത്തിലൂടെ വികസന പദ്ധതികൾ രൂപപ്പെടുത്തി നടപ്പാക്കുകയാണ് ലക്ഷ്യം. സർവ്വെയിലൂടെ ലഭ്യമാകുന്ന വിവരങ്ങളുടെ വിശദാംശങ്ങൾ ആസൂത്രണ പ്രക്രിയയുടെ തുടക്കത്തിൽ തന്നെ ഗ്രാമപഞ്ചായത്തിലെ എല്ലാ വർക്കിംഗ് ഗ്രൂപ്പുകൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കേണ്ടതാണ്. സർവ്വെയിലെ കണ്ടെത്തലുകൾ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും അവ വിശകലനം ചെയ്ത് പദ്ധതി നിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയും വേണം. സർവ്വെയിലെ കണ്ടെത്തലുകൾ ഗ്രാമസഭായോഗങ്ങളിൽ അവതരിപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്യേണ്ടതാണ്.

16. കേരളത്തിൽ രണ്ട് ദശാബ്ദമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജനകീയാസൂത്രണം കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം 'ഗ്രാമപഞ്ചായത്ത് വികസന പദ്ധതി' (Grama Panchayat Development Plan) എന്ന പേരിൽ ഇന്ത്യയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പാക്കിവരികയാണ്. കേരളത്തിൽ ഗ്രാമ പഞ്ചായത്തുകളിലെ 2019-20 വാർഷിക പദ്ധതി രൂപീകരണം സംബന്ധിച്ച വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ പോർട്ടലിലേക്ക് നൽകിയതുപോലെ അടുത്ത വാർഷിക പദ്ധതി രൂപീകരണം സംബന്ധിച്ച വിശദാംശങ്ങളും നൽകേണ്ടതുണ്ട്. 2019-20 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നത് സംബന്ധിച്ച് പരാമർശം 7 പ്രകാരം പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങൾ 2020-21 വാർഷിക പദ്ധതി രൂപീകരണത്തിന്റെ കാര്യത്തിലും ബന്ധപ്പെട്ടവർ പാലിക്കേണ്ടതാണ്.

സമയക്രമം

17. വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള സമയക്രമം ചുവടെ നൽകുന്നു. പ്രധാന ഘട്ടങ്ങൾ പൂർത്തിയാക്കുന്നതിനുള്ള അവസാന തീയതികളാണ് ഇവിടെ നൽകിയിട്ടുള്ളത്. തീയതികളിൽ അനുയോജ്യമായ മാറ്റങ്ങൾ ആകാമെങ്കിലും വാർഷിക പദ്ധതി സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതി എന്ന നിബന്ധന നിർബന്ധമായും പാലിക്കേണ്ടതാണ്.

| ക്രമ നം | പ്രവർത്തനം | | പൂർത്തിയാക്കേണ്ട അവസാന തീയതി |
|---|---|---|---|
| 1 | ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പികളും പുനസംഘടിപ്പിക്കൽ | : | 2019 ഡിസംബർ 7 |
| 2 | സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരണം | : | ഡിസംബർ 25 |
| 3 | ജില്ലാ പദ്ധതി നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി ഡി.പി.സി തലത്തിൽ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കൽ | : | 2020 ജനുവരി 1 |
| 4 | കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കൽ | : | ജനുവരി 6 |
| 5 | ഗ്രാമ / വാർഡ് സഭാ യോഗങ്ങൾക്ക് മുമ്പുള്ള കൂടിയാലോചനകൾ | : | ജനുവരി 15 |
| 6 | സംയുക്ത പ്രോജക്ടുകൾക്ക് അന്തിമരൂപം നൽകാൻ ജില്ലാ ആസൂത്രണ സമിതി വിളിച്ചുചേർക്കുന്ന യോഗം | : | ജനുവരി 20 |
| 7 | ഗ്രാമ /വാർഡ് സഭാ യോഗങ്ങൾ | : | ഫെബ്രുവരി 8 |
| 8 | ദുരന്ത മാനേജ്മെന്റ് പ്ലാനിനുവേണ്ടിയുള്ള പ്രത്യേക വികസന സെമിനാർ | : | ഫെബ്രുവരി 15 |
| 9 | വാർഷിക പദ്ധതി വികസന സെമിനാർ | : | ഫെബ്രുവരി 19 |
| 10 | വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകൽ | : | ഫെബ്രുവരി 22 |
| 11 | പ്രോജക്ടുകൾ തയ്യാറാക്കൽ | : | ഫെബ്രുവരി 29 |
| 12 | വാർഷിക പദ്ധതി സമർപ്പണം | : | മാർച്ച് 5 |
| | ജില്ലാ ആസൂത്രണസമിതി അംഗീകാരം | : | മാർച്ച് 14 |
| 13 | അംഗീകരിച്ച വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കൽ | : | മാർച്ച് 20 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ.എ.എസ്

പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസനകമ്മീഷണർ,തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

തദ്ദേശഭരണ വകുപ്പ് ചീഫ് എഞ്ചിനിയർ

മെമ്പർ സെക്രട്ടറി , സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

ചീഫ്, വികേന്ദ്രീകൃതാസൂത്രണം.

ഡയറക്ടർ, കില, തൃശ്ശൂർ

എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം. തിരുവനന്തപുരം

ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും .

എല്ലാ മുനിസിപ്പൽ ചെയർമാൻമാർക്കും കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

പകർപ്പ്

ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

തദ്ദേശസ്വയംഭരണ വകുപ്പ് ജോയിൻറ് സെക്രട്ടറി യുടെ സി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ